(ബി) ലോക്കൽ സെയിൽസ് നിറുത്തലാക്കിയിട്ടില്ല. ഇപ്പോഴും ഫാമിൽ തുടർന്നുവരുന്നു.

(സി) ഉദിക്കുന്നില്ല.

129 (1489) ക്ഷീരസംഘങ്ങൾ

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ തിരുവനന്തപുരം മേഖലാ യൂണിയനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എ, ബി, സി, കാറ്റഗറിയിൽ വരുന്ന ക്ഷീരസംഘങ്ങളുടെ വിശദാംശം നൽകുമോ;

(ബി) കാറ്റഗറി ക്ലാസിഫിക്കേഷനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഉയർന്ന കാറ്റഗറിയിൽ വരാൻ യോഗ്യതയുള്ള സംഘങ്ങൾക്ക് അതിനുള്ള അവകാശം നിഷേധിക്കുന്നതായി പരാതികൾ എന്തെങ്കിലും കിട്ടിയിട്ടുണ്ടോ;

(ഡി) ഇത്തരം പരാതികളുടെ പരിഹാരത്തിന് എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആഡിറ്റ് ക്ലാസിഫിക്കേഷൻ അനുസരിച്ചുള്ള സംഘങ്ങളുടെ എണ്ണം.

'എ' കാറ്റഗറി	'ബി' കാറ്റഗറി	'സി' കാറ്റഗറി
68	278	256

(ബി) 4.1.86-ൽ 2/86-ാം നമ്പർ പ്രകാരം സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലറിൽ പറയുന്ന മാനദണ്ഡങ്ങൾക്കു വിധേയമായിട്ടാണ് ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾക്ക് ആഡിറ്റ് ക്ലാസിഫിക്കേഷൻ നൽകുന്നത്. ഇതനുസരിച്ച് നിഷ്കർഷിച്ചിട്ടുള്ള പ്രധാന മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. പാൽ നൽകുന്ന അംഗങ്ങളുടെ എണ്ണം.
2. സംഭരിക്കുന്ന പാലിന്റെ അളവ്.
3. കണക്കുകൾ സൂക്ഷിക്കുന്നതിന്റെ പൂർത്തീകരണം.
4. കൈവശം വച്ചിരിക്കുന്ന തുക.
5. ആഡിറ്റ് ന്യൂനതാ പരിഹാരങ്ങൾ.
6. സംഘത്തിന്റെ മൊത്തമായ നടത്തിപ്പ്.
7. സൊസൈറ്റികളിലെ ജീവനക്കാരുടെ പരിശീലനം.
8. മൂലധന നിക്ഷേപം തുടങ്ങിയവയാണ്.

(സി) ഉണ്ട്.

(ഡി) ക്ഷീര സഹകരണസംഘങ്ങളുടെ ആഡിറ്റ് ക്ലാസിഫിക്കേഷൻ രീതി മൊത്തം പരിഷ്ക്കരിക്കുന്നകാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly